ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സഭയുടെ നേതാവെന്ന നിലയിൽ ഈ സഭയുടെ അംഗങ്ങളുടെ അന്തസ്സും, മാന്യതയും പാലിക്കാൻ അങ്ങ് ബാദ്ധ്യസ്ഥനാണ്. അതുകൊണ്ട് എനിക്ക് മുഖ്യമന്ത്രിയോട് ആവശ്യപ്പെടാനുള്ളത് ഈ തീരുമാനം എത്രയുംവേഗം പുനഃപരിശോധിച്ച് കമ്മീഷന്റെ നിഗമനത്തിൻമേൽ സഭയുടെ അന്തസ്സിനുവേണ്ടി, ജനാധിപത്യത്തിനു യോജിക്കുന്ന രീതിയിലുള്ള അനന്തര നടപടികളും മുഖ്യമന്ത്രി സ്വീകരിക്കണം എന്നതാണ്. അതിന് അങ്ങ് തയ്യാറാകണം. പോലീസിന്റെ ഭാഗത്തുള്ള വീഴ്ചയ്ക്ക് നടപടി സ്വീകരിക്കുകയും, സഭയെ അറിയിക്കുകയും വേണം. അതാണ് സഭാനാഥൻ എന്നുള്ള നിലയിൽ അങ്ങ് എടുക്കേണ്ട നടപടി. മുഖ്യമന്ത്രി തീർച്ചയായിട്ടും ഇക്കാര്യത്തിൽ അനുവദനീയമായ ഒരു നടപടിക്രമം സ്വീകരിക്കുമെന്നുള്ളതാണ് പ്രതീക്ഷിക്കുന്നത്. മറിച്ച് ഡിപ്പാർട്ടുമെൻറിൽ നടന്ന അന്വേഷണത്തെ സാധൂകരിക്കാനാണ് ശ്രമിക്കുന്നതെങ്കിൽ മഹാകഷ്ടമാണന്നുമാത്രമേ ഈ അവസരത്തിൽ എനിക്ക് പറയുവാനുള്ളൂ. അങ്ങയുടെ മറുപടി പ്രതീക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, കമ്മീഷന്റെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച അന്തിമനടപടികളുടെ സ്റ്റേറ്റ്മെൻറ് എന്റെ കൈവശമുണ്ട്. അത് അങ്ങ് അനുവദിച്ചാൽ മുഴുവനും വായിക്കാം. അല്ലെങ്കിൽ ഞാൻ മേശപ്പുറത്ത് വയ്ക്കാം. ഏതായാലും കമ്മീഷന്റെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെൻറ് യുക്തമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഞാൻ ആ സ്റ്റേറ്റ്മെൻറ് മേശപ്പുറത്ത് വയ്ക്കുന്നു. (കമ്മീഷന്റെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെൻറ് സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റുമെൻറ് മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.)

(5) മലയോരവികസന അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യം

ശ്രീ. കെ. സി. ജോസഫ്: സർ, മലയോരവികസന അതോറിറ്റി രൂപീകരണം വൈകുന്നതിൽ മലയോര മേഖലയിലാകെ വലിയ ഉത്കണ്ഠ ഉണ്ട്. അങ്ങ് മുഖ്യമന്ത്രി ആയതിനുശേഷം ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റവന്യൂ സെക്രട്ടറിയെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ട് കിട്ടിയോ എന്നറിയില്ല. എത്രയുംവേഗം മലയോരവികസന അതോറിറ്റി രൂപീകരിച്ച് മലയോരവികസനത്തിനുള്ള സംവിധാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, കേരളത്തിലെ മലയോര പ്രദേശങ്ങളിലുള്ള കർഷകരുടേയും മറ്റ് ജനവിഭാഗങ്ങളുടേയും ചിരകാല അഭിലാഷമായ മലയോരവികസന അതോറിറ്റിയുടെ പ്രവർത്തനം അടുത്ത സാമ്പത്തിക വർഷത്തിൽതന്നെ ആരംഭിക്കണമെന്നാണ് ഗവൺമെൻറിന്റെ തീരുമാനം. മലയോരവികസന അതോറിറ്റി രൂപീകരിക്കാനുള്ള നയപരമായ തീരുമാനം എടുത്തുകഴിഞ്ഞു. അതിന്റെ മറ്റ് വിശദാംശങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടി റവന്യൂ സെക്രട്ടറി എം. എസ്. ജോസഫിനെ സ്പെഷ്യൽ ഓഫീസറായി വച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ട് എത്രയും വേഗം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അടുത്ത സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തേക്കുള്ള ബഡ്ജറ്റിൽ ഒരു കോടി രൂപ മലയോര വികസന അതോറിറ്റിക്കുവേണ്ടി നീക്കിവച്ചിട്ടുണ്ട്. അതോറിറ്റിയുടെ പ്രവർത്തനം എത്രയുംവേഗം, അടുത്ത സാമ്പത്തിക വർഷംതന്നെ ഗവൺമെന്റ് ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

(6) വേണുക്കുട്ടിയുടെ സംശയാസ്പദമായ മരണത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്ന ആവശ്യം

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, നെയ്യാറിൻകര താലൂക്കിലെ വിളവൂർക്കൽ വില്ലേജിൽ പെരുകാവിൽ പൊറ്റവിള വിദ്യാഭവനിൽ രാഘവൻ പിള്ളയുടെ മകൻ വേണുക്കുട്ടിയുടെ മൃതദേഹം 18-1-1996-ൽ രാവിലെ 11 മണിക്ക് ഒരു പൊട്ടക്കിണറിൽ നിന്ന് കണ്ടെടുത്തു. ഒരു നടപ്പാതയിൽനിന്നും ഏകദേശം നൂറ് അടി മാറിയാണ് ഈ പൊട്ടക്കിണർ, പോസ്റ്റ്മോർട്ടം എക്സാമിനേഷനൊക്കെകഴിഞ്ഞു ശവം മറവുചെയ്തു. പോസ്റ്റ്മോർട്ടം എക്സാമിനേഷന്റെ റിപ്പോർട്ടും മറ്റ് സാഹചര്യങ്ങളുമാകെ പരിശോധിച്ച്, ഞാനും ജനങ്ങളും വിശ്വസിക്കുന്നത് ഇത് ഒരു കൊലപാതകമാണെന്നാണ്. മലയിൻകീഴ് പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നുണ്ട്. എന്നാൽ അന്വേഷണത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടി അവിടെ നാട്ടുകാരുടെ ഒരു സമിതി ഉണ്ടാക്കി, ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സമിതിയുടെ കൺവീനർ ശ്രീ. പേയാട് ശശി ഒരു മെമ്മോറാണ്ടം മൂലം ഈ കാര്യം റൂറൽ ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ടിനേറെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാലും ഈ കാര്യങ്ങളെ സംബന്ധിച്ച് യാതൊരു പുരോഗതിയും അന്വേഷണത്തിൽ ഉണ്ടായിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനെ സംബന്ധിച്ച് അങ്ങയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച വേണുക്കുട്ടിയുടെ മരണത്തിൽ സംശയം പ്രകടിപ്പിച്ച് ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. അവർ ഈ കാര്യത്തെപ്പറ്റി ഒരു പരാതി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിനു നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേസ് ഫയൽ ഒന്നുകൂടി പരിശോധിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻമാരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കൂടാതെ ഊർജ്ജിതമായി കാര്യങ്ങൾ നീക്കാൻ ഗവൺമെന്റും നിർദ്ദേശം നൽകുന്നതാണ്.

(7) കണ്ണൂർ ജില്ലാ സഹകരണബാങ്ക് തെരഞ്ഞെടുപ്പിൽ നടന്നതായി പറയപ്പെടുന്ന അഴിമതി

ശ്രീ. ഇ. പി. ജയരാജൻ: സർ, കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ തെരഞ്ഞെടുപ്പ് 9-3-1996-ന് ആയിരുന്നു. 943 സംഘങ്ങളാണ് അവിടെ ആകെ ഉണ്ടായിരുന്നത്. അതിൽ അറുനൂറിൽ കുറവ് സംഘങ്ങൾ മാത്രമാണ് സമയത്തിന് വന്ന് ഐഡന്റിറ്റി കാർഡ് വാങ്ങിയത്. ഐഡന്റിറ്റി കാർഡ് വാങ്ങേണ്ട അവസാന തീയതി 7-3-1996-ന്

LIBRARY ARCHIVES Kerala Legislative Assembly